ഉത്തരം

(എ) അംഗീകരിച്ച ഡിസൈൻ പ്രകാരം ഫൗണ്ടേഷൻ ജോലികൾ പൂർത്തീകരിക്കുന്നതിന് കൂടുതൽ സമയം ആവശ്യമായി വന്നതിനാലും ഒരു ഫൗണ്ടേഷൻ പോയിന്റിൽ അംഗീകരിച്ച ഡിസൈനിൽ നിന്നും വ്യതിയാനപ്പെടുത്തി പുതിയ ഡിസൈൻ അംഗീകരിച്ചശേഷം നിർമ്മാണ പ്രവൃത്തി നടത്തേണ്ടിവന്നതിനാലും മറ്റ് സാങ്കേതിക കാരണങ്ങളാലുമാണ് കാലതാമസം നേരിട്ടത്. പ്രസ്തുത പ്രവർത്തന കാലാവധി 2 തവണകളിലായി 31-10-2014 വരെ നീട്ടി നൽകിയിട്ടുണ്ട്.

(ബി) 2 സ്പാനിന്റെ ബീം ആന്റ് ഡെക്ക് സ്ലാബിന്റെ നിർമ്മാണവും അപ്രോച്ച് റോഡിന്റെ നിർമ്മാണവുമാണ് ഇനി പൂർത്തീകരിക്കുവാനുള്ളത്.

(സി) കാലാവധിയായ 31-10-2014-നകംതന്നെ പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

അരപ്പുഴ പാലത്തിന്റെ ടോൾ പിരിവ്

313 (7284) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം കോഴിക്കോട് ജില്ലകളെ ബന്ധിപ്പിക്കുന്ന 'അരപ്പുഴ പാല'ത്തിന്റെ ടോൾ പിരിവ് ഇനത്തിൽ ഇതുവരെ എത്ര രൂപ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ടോൾപിരിവ് എത്ര കാലം തുടരുമെന്ന് വ്യക്തമാക്കുമോ ;

(സി) ആവശ്യമുള്ള പണം ലഭിച്ച സാഹചര്യത്തിൽ ഇതിന്റെ ടോൾ പിരിവ് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 31-3-2014 വരെ 14,65,57,025-രൂപ ടോൾ ഇനത്തിൽ പിരിച്ചിട്ടുണ്ട്.

(ബി & സി) കേന്ദ്ര സർക്കാരിന്റെ 1997-ലെ National Highways (Fees for the use of National Highways Section and Permanent Bridge public funded project) Rules അനുസരിച്ചാണ് ദേശീയപാതയിലെ പാലങ്ങളുടെ ടോൾ പിരിവ് നടത്തുന്നത്. ഇതനുസരിച്ച് ടോൾ പിരിവ് നിരന്തരം (Perpetual) നടത്തേണ്ടതാണ്. അതിനാൽ പ്രസ്തുത പാലത്തിൽ ടോൾ പിരിവ് നിർത്തുന്നതിന് സംസ്ഥാന സർക്കാരിന് അധികാരമില്ല.

എളവൂർ പാലത്തിൽ ടോൾ

314 (7285) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എളവൂർ പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും പണി പൂർത്തിയാകുന്നതോടെ എളവൂർ പാലത്തിൽ ടോൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതുസംബന്ധിച്ച് സർക്കാർ തലത്തിൽ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത തീരുമാനങ്ങൾ വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) 28-11-2009 മുതൽ ആർ.ബി.ഡി.സി.കെ. (Roads & Bridges Development Corporation of Kerala Ltd) നിർമ്മിക്കുന്ന എല്ലാ റെയിൽവെ മേൽപ്പാലങ്ങളിലും ടോൾ പിരിവ് നടത്തുന്നതിന് 28-11-2009 തീയതിയിലെ സ.ഉ. (സാധാ) നമ്പർ 1715/2009/പൊ.മ.വ. പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

ചീരക്കുഴി പാലത്തിൽ ടോൾ പിരിവ്

315 (7280) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര മണ്ഡലത്തിലെ ചീരക്കുഴി പാലത്തിൽ ടോൾ പിരിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പ്രസ്തുത പാലത്തിൽകൂടിയുള്ള വാഹനഗതാഗതത്തിന്റെ സെൻസസ് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടോ ;

(ഡി) സെൻസസ് റിപ്പോർട്ടിൽ ടോൾ പിരിക്കുന്നത് ലാഭമാണോ അതോ നഷ്ടമാണോയെന്ന് സ്പഷ്ടീകരിച്ചിട്ടുണ്ടോ ;

(ഇ) ലാഭകരമല്ലായെങ്കിൽ ടോൾ പിരിവ് ഒഴിവാക്കുവാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 19-5-2014-ലെ കേരള ഗസറ്റിൽ (വാല്യം 3-നമ്പർ 1267) അസാധാരണ വിജ്ഞാപനമായി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ. നമ്പർ 298/2014 (നമ്പർ 7977/എച്ച്2/2014/പി.ഡബ്ല്യു.ഡി തീയതി 14-5-2014) പ്രകാരം തൃശ്ശൂർ ജില്ലയിലെ ചീരക്കുഴി പുതിയ പാലത്തിലൂടെ കടന്നുപോകുന്ന വാഹനങ്ങളിൽ നിന്നും ടോൾ പിരിക്കാൻ അനുമതി നൽകിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) ലാഭകരമല്ലായെന്ന് അറിയിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly